ഏകീകൃത പൊതുജനാരോഗ്യ നിയമം

43 (6195) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ എത്രമാത്രമായെന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുമെന്ന് മുമ്പ് നയപ്രഖ്യാപന പ്രസംഗത്തിലും ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ കരട് ബിൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നതായി ഗവൺമെന്റ് അറിയിച്ചിട്ടും ഈ നിയമം കൊണ്ടു വരുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദമാക്കാമോ ;

(സി) ഈ നിയമം എന്നേയ്ക്ക് കൊണ്ടുവരുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; അടിയന്തരമായി ഈ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) - (സി) ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള കരട് ബില്ലിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് രൂപം നൽകി വരുന്നു.

സാമൂഹ്യ സുരക്ഷാ മിഷൻ

44 (6196) ശ്രീ. പി. കെ. അബ്ദുറബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ വന്നശേഷം ശമ്പളം, ടി. എ, ഡി. എ, അതിഥി സൽക്കാരം എന്നിവയ്ക്ക് ഓരോ ഉദ്യോഗസ്ഥനും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ ;

(ബി) ഓരോ ഉദ്യോഗസ്ഥരുടെയും നിയമന രീതി, യോഗ്യത, ശമ്പള സ്കെയിൽ, മാതൃസ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തസ്തിക, ശമ്പള സ്കെയിൽ എന്നിവ സഹിതം ലഭ്യമാക്കുമോ ;

(സി) രൂപീകൃതമായശേഷം ഈ സ്ഥാപനം എന്തൊക്കെ പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത് ; അതിനായി എന്ത് തുക ചെലവഴിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly